**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1044** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വിദ്യാഭ്യാസ സ്കോളർഷിപ്പുകളും പ്ലസ് വൺ സീറ്റും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 1.സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ പി),

2.സി.എം. കിഡ്സ് സ്കോളർഷിപ്പ് ( യു.പി.)

3. സംസ്കൃത സ്കോളർഷിപ്പ്,

4.സൈനിക സ്കൂൾ കേഡറ്റുകൾക്ക് നൽകുന്ന സ്കോളർഷിപ്പ്,

5.ഡെറാഡൂൺ ആർ.ഐ.എം.സി. യി ലെ കേഡറ്റിനു നൽകുന്ന സ്കോളർഷിപ്പ്,

6.മുസ്ലീം /നാടാർ /ആംഗ്ലോ ഇന്ത്യൻ / മറ്റു പിന്നോക്ക/മുന്നോക്ക സമുദായത്തിലെ ദാരിദ്ര്യ രേഖക്ക് താഴെയുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് ,എന്നീ സ്കോളർഷിപ്പുകൾക്കുള്ള ഫണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന വിദ്യാർത്ഥികൾക്ക് നൽകി വരുന്നു.

**(ബി)** കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഇത്തരം സ്കോളർഷിപ്പുകൾക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം, പരിഗണിച്ച അപേക്ഷകളുടെ എണ്ണം, സ്കോളർഷിപ്പിന് അർഹമായ അപേക്ഷകളുടെ എണ്ണം, ഇനിയും സ്കോളർഷിപ്പ് വിതരണം ചെയ്യേണ്ട അപേക്ഷകളുണ്ടെങ്കിൽ അവയുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(സി)** സി.എം. കിഡ്സ് സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനത്ത് എത്ര കുട്ടികളാണ് പാസായത്; അവരുടെ സ്കോളർഷിപ്പ് വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര കുട്ടികൾക്ക് അത് വിതരണം ചെയ്യാനുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ഡി)** എൽ.എസ്.എസ്, യുഎസ്എസ്, എൻ. എം. എം. എസ്. പരീക്ഷകളിൽ വിജയികളെ നിർണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** അനുബന്ധം ആയി ചേർക്കുന്നു.

**(ഇ)** പ്ലസ് വൺ സീറ്റ് ക്ഷാമവുമായി ബന്ധപ്പെട്ട് പ്രൊഫസർ സി പി കാർത്തികേയൻ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; കൂടാതെ 2024-ൽ മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലുണ്ടായ പ്ലസ് വൺ സീറ്റ് ക്ഷാമം പരിശോധിക്കുന്നതിനായി മലപ്പുറം ഹയർ സെക്കൻഡറി ജോയിന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നോ; എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(എഫ്)** ഈ വർഷം സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷയിൽ വിജയിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഓരോ ജില്ലയിലും ലഭ്യമായ പ്ലസ് വൺ സീറ്റുകളുടെ എണ്ണം, താൽക്കാലിക ബാച്ചുകളിലെ സീറ്റുകളുടെ എണ്ണം എന്നിവ വേർതിരിച്ച് ലഭ്യമാക്കാമോ; ഒരു ക്ലാസ് റൂമിൽതന്നെ ഒരു പ്ലസ് വൺ ബാച്ചിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പഠിപ്പിക്കുന്ന സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

<u>**അനുബന്ധം**</u>

സി.എം. കിഡ്സ് സ്കോളർഷിഷ് (എൽ.പി, യു പി ) പരീക്ഷകൾക്ക് ഓരോ വർഷവും തയ്യാറാക്കുന്ന ചോദ്യങ്ങൾക്കനുസരിച്ച് സ്കോളർഷിപ്പ് നേടുന്ന കുട്ടികളുടെ എണ്ണം നിശ്ചയിക്കുന്നതിന് ആവശ്യമായ കട്ട് ഓഫ് മാർക്ക് പരീക്ഷാ ബോർഡ് യോഗം ചേർന്ന് തീരുമാനിക്കുന്നു.

**എൻ എം എം എസ് സ്കോളർഷിപ്പിന് അർഹത നേടുന്നതിനുള്ള മാനദണ്ഡങ്ങൾ**

1.എൻ എം എം എസ് സ്കോളർഷിപ്പിന് അർഹത നേടുന്നതിന് എൻ എം എം എസ് പരീക്ഷയിൽ MAT, SAT എന്നീ ഇരു പരീക്ഷ-കളിലുമായി 40%-ൽ കുറയാതെ മാർക്ക് നേടിയിരിക്കണം. (എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള കട്ടികൾക്ക് 32% മാർക്ക് മതിയാകും).

2. കേന്ദ്ര സർക്കാർ മാനദണ്ഡം അനുസരിച്ച് കേരളത്തിൽ നിന്നും ഓരോ അദ്ധ്യയനവർഷവും 3473 കുട്ടികൾക്കാണ് പ്രസ്തുത സ്കോളർഷിപ്പിന് അർഹതയുള്ളത്.

3.യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ ഒൻപതാം ക്ലാസ് മുതലാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. തുടർന്ന്, പത്താം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് 9 ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും, പതിനൊന്നാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് പത്താം ക്ലാസ്സിലെ പൊതുപരീക്ഷയിൽ 60% മാർക്കും, പന്ത്രണ്ടാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിക്കുന്നതിന് പതിനൊന്നാം ക്ലാസ്സിലെ വാർഷിക പരീക്ഷയിൽ 55% മാർക്കും നേടിയിരിക്കണം. എസ്.സി. എസ്.ടി വിഭാഗങ്ങളിലെ കുട്ടികൾക്ക് 5% മാർക്ക് ഇളവുണ്ട്.

4 സ്കോളർഷിപ്പിന് അർഹരാകുന്ന കുട്ടികൾ തൊട്ടടുത്ത വർഷം (ഒൻപതാം ക്ലാസ്സിൽ പഠിക്കുമ്പോൾ) നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (NSP) വഴി ഓൺലൈൻ മുഖേന ഫ്രഷ് അപേക്ഷയും, തുടർന്നുള്ള വർഷങ്ങളിൽ renewal അപേക്ഷയും സമർപ്പിക്കേണ്ടതാണ്. ആയതിൽ വീഴ്ചവരുത്തുന്ന സാഹചര്യത്തിൽ സ്കോളർഷിപ്പ് നഷ്ടപ്പെടുന്നതാണ്.

5.. പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് 15%, പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് 7.5%, കുറഞ്ഞത് 40% ഭിന്നശേഷിക്കാരായകുട്ടികൾക്ക് 4% എന്ന ക്രമത്തിൽ പ്രാതിനിധ്യം/ സംവരണം ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗം കുട്ടികളുടെ ക്വാട്ടയിൽ എസ്.സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആവശ്യത്തിന് ലഭിക്കാത്ത സാഹചര്യമുണ്ടായാൽ ആ ജില്ലയിലെ എസ്.ടി. വിഭാഗത്തിൽ നിന്നും, എസ്.ടി. വിഭാഗത്തിൽപ്പെട്ട കട്ടികൾ ആവശ്യത്തിന് ജില്ലയിൽ ലഭ്യമല്ലെങ്കിൽ ജില്ലയിലെ എസ്.സി. വിഭാഗത്തിൽ നിന്നും, എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെടുന്ന ആവശ്യമായ എണ്ണം കുട്ടികളെ ഉൾപ്പെടുത്താൻ ഇരു വിഭാഗത്തിൽനിന്നും ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ ജില്ലകളിൽപ്പെട്ടുന്ന

എസ്.സി./എസ്.ടി കുട്ടികളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുട്ടികളെയും ഉൾപ്പെടുത്തുന്നതാണ്.

മേൽ പരാമർശിച്ച പ്രകാരം സംവരണം അനുവദിക്കുന്നതിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിലേക്ക് അർഹതപ്പെട്ടവരെ ആദ്യം പരിഗണിച്ച ശേഷം മേൽ പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം സംവരണ വിഭാഗങ്ങളിൽ നിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതാണ്. പ്രാതിനിധ്യം/സംവരണം ഉറപ്പാക്കുന്നതിന് ഓപ്പൺ മെറിറ്റ് വിഭാഗത്തിൽപ്പെട്ട എസ്.സി/എസ്.ടി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ പരിഗണിക്കില്ല.

6. ഏതെങ്കിലും ജില്ലയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ മതിയായ പ്രാതിനിധ്യം ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ അതേ ജില്ലയിലെ ജനറൽ വിഭാഗത്തിനായി മാറ്റി വയ്ക്കുന്നതാണ്.

7. നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ആകെ എണ്ണമായ 3,473 എന്നത് എല്ലാ ജില്ലകളുടെയും പ്രാതിനിധ്യം ഉറപ്പാക്കത്തക്കവിധം ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലാതല ക്വാട്ട നിശ്ചയിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

a. ഓരോ ജില്ലയിലെയും 7, 8 ക്ലാസ്സുകളിൽ അതത് അദ്ധ്യയനവർഷത്തിൽ പ്രവേശിക്കുന്നവരുടെ എണ്ണത്തിന്റെ അനുപാതത്തിലാണ് ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കാവുന്നതിന്റെ 2/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നത്.

b.ഓരോ ജില്ലയിലെയും സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന 10 മുതൽ 14 വരെ പ്രായമുള്ള കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ ഓരോ ജില്ലയ്ക്കും ആകെ അനുവദിക്കുന്നതിന്റെ 1/3 ഭാഗം സ്കോളർഷിപ്പ് ക്വാട്ട അനുവദിക്കുന്നതാണ്.

C. NMMS പരീക്ഷ എഴുതുന്ന കുട്ടികൾ സ്കൂൾ രജിസ്റ്ററിൽ നൽകിയിട്ടുള്ള സ്ഥിര മേൽവിലാസം ഏതാണോ ആ ജില്ലയിലെ അപേക്ഷകൻ/ അപേക്ഷക ആയി ആണ് പരിഗണിക്കുന്നതാണ്.

8. കേന്ദ്രസർക്കാരിന്റെ മറ്റേതെങ്കിലും മെറിറ്റ് സ്കോളർഷിപ്പ് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.